LIBRARY ARCHIVES Kerala Legislative Assembly

ബ്ലാക്ക് ബോർഡുകൾ മാറ്റി പച്ച നിറത്തിലുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവ്

51 (7016) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബ്ലാക്ക് ബോർഡുകൾ മാറ്റി പച്ച നിറത്തിലുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) പച്ച നിറത്തിലുള്ള ബോർഡുകൾ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഏതെല്ലാം സ്കൂളുകളാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഇ) സർക്കാർ ഉത്തരവ് ഇല്ലാതെ ഏതെങ്കിലും സ്കൂളുകൾ പ്രസ്തുത രീതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം സ്കൂളുകളുടെ അധികാരികളുടെ പേരിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ തലത്തിൽ ഉത്തരവ് നൽകിയിട്ടില്ല.

നിലവിലുള്ള ബ്ലാക്ക് ബോർഡുകൾ കാലഹരണപ്പെട്ടതാണെങ്കിൽ ഹൈക്കാളിറ്റി ബോർഡുകൾ തുകയുടെ ലഭ്യതയനുസരിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഡി.ജി.എസ്. & ഡി. റേറ്റ് പ്രകാരം എസ്.എം.സി.കൾക്ക് വാങ്ങിക്കാവുന്നതാണെന്ന് എസ്.എസ്.എ.യിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

(സി-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കോട്ടൺഹിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപികക്കെതിരെ അച്ചടക്ക നടപടി

52 (7017) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോട്ടൺഹിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപികക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കേരള സർവ്വീസ് റൂൾസിലെയും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെയും കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെയും ഏതൊക്കെ വകുപ്രകാരമാണ് നടപടി സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) പ്രധാനാദ്ധ്യാപികക്കെതിരെ അന്വേഷണത്തിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണ് ; ഈ ഉദ്യോഗസ്ഥൻ നടപടി റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് ആരുടെയൊക്കെ മൊഴിയെടുത്തെന്ന് വിശദമാക്കുമോ ;

(ഡി) അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, പ്രധാനാദ്ധ്യാപികയ്ക്ക് നൽകിയ മെമ്മോയുടെ പകർപ്പും ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.ലെ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി ഉൗർമ്മിളാദേവി, കെ.കെ.-യെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അയിലം ഗവൺമെന്റ് എച്ച്. എസ്. ലേയ്ക്ക് മാറ്റുകയും അതോടൊപ്പംതന്നെ വിശദീകരണത്തിനായി ചാർജ്ജ് മെമ്മോ നൽകുകയും ചെയ്തു. തുടർന്ന് ടിയാൾ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് മോഡൽ ഹൈസ്കൂളിലേക്ക് മാറ്റി നിയമിക്കുകയും 2-7-2014-ൽ ടിയാൾ പ്രസ്തുത സ്കൂളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

(ബി) പെരുമാറ്റ ചട്ടലംഘനം നടത്തിയ പ്രധാനാദ്ധ്യാപികക്കെതിരെ കേരള സിവിൽ സർവ്വീസ് (സി.സി.എ) റൂൾസ് 1960 പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

(സി) പ്രധാനാദ്ധ്യാപികക്കെതിരെ അന്വേഷണത്തിനായി പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ശ്രീമതി യു.കെ. ശ്യാമളയെയാണ് ചുമതലപ്പെടുത്തിയത്. അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പ്, കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.ലെ ഇംഗ്ലീഷ് ക്ലബ് കൺവീനർ, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ്, സ്കൂൾ സ്റ്റാഫ് സെക്രട്ടറി, അഡീഷണൽ ഹെഡ്മിസ്ട്രസ് എന്നിവരുടെ മൊഴികൾ അന്വേഷണ ഉദ്യോഗസ്ഥ എടുത്തിട്ടുണ്ട്.

(ഡി) അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിന്റെ പകർപ്പും പ്രധാനാദ്ധ്യാപികയ്ക്ക് നൽകിയ മെമ്മോയുടെ പകർപ്പും അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. *

ഗസ്റ്റ് ടീച്ചർ ശ്രീമതി ഇന്ദു എ. എസ്,ന് വേതനം ലഭ്യമാക്കുന്നതിനുള്ള കാലതാമസം

53 (7018) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി ഗസ്റ്റ് ടീച്ചർ (ഇംഗ്ലീഷ്) ആയി 2-7-2012 മുതൽ 12-2-2013 വരെ ജോലി ചെയ്തിരുന്ന തട്ടാരമ്പലം, പോള, ആശ്രയത്ത് വീട്ടിൽ ശ്രീമതി ഇന്ദു, എ.എസ്.-ന് ടി കാലയളവിലെ വേതനം നൽകിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly